©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം, തിങ്കൾ
Thiruvananthapuram, Monday

2026 ജൂൺ 08
08th June 2026
1201 ഇടവം 25
25th Idavam 1201
1948 ജ്യേഷ്ഠം 18
18th Jyaishta 1948

നമ്പർ No. 1772

ഫോറം നം.16

(റൂൾ 79)

1961-ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1) വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം റദ്ദാക്കിക്കൊണ്ടുള്ള വിജ്ഞാപനം

K-RAIL/19/2026-B K-RAILKKD

2026 ജൂൺ 8

1961-ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1) വകുപ്പ് പ്രകാരം സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ (സിൽവർ ലൈൻ) പദ്ധതിക്കായി താഴെപ്പറയുന്ന വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിരുന്നു:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

1.നമ്പർ C-985/2021 തീയതി 07.10.2021-കേരള ഗസറ്റ് അസാധാരണം നമ്പർ 2981 വാല്യം 10 തീയതി 11.10.2021 ൽ പ്രസിദ്ധപ്പെടുത്തിയത്.

2.നമ്പർ A1-1/2021 തീയതി 17.11.2021-കേരള ഗസറ്റ് അസാധാരണം നമ്പർ 3413 വാല്യം 10 തീയതി 17.11.2021 ൽ പ്രസിദ്ധപ്പെടുത്തിയത്.

മേൽ വിജ്ഞാപനങ്ങൾ പ്രകാരം കൊയിലാണ്ടി താലൂക്കിലെ ഇരിങ്ങൽ, മൂടാടി, പയ്യോളി, തിക്കോടി, ചെമഞ്ചേരി, ചെങ്ങോട്ടുകാവ്, പന്തലായനി, വിയ്യൂർ വില്ലേജുകളിലും, വടകര താലൂക്കിലെ ചോറോട്, ഒഞ്ചിയം, വടകര, അഴിയൂർ, നടക്കുതാഴ വില്ലേജുകളിലും, കോഴിക്കോട് താലൂക്കിലെ പുതിയങ്ങാടി, ചെറുവണ്ണൂർ, ബേപ്പൂർ, കരുവൻതിരുത്തി, കസബ, നഗരം, പന്നിയങ്കര വില്ലേജുകളിലും ഉൾപ്പെട്ട ഭൂമി സർവ്വേ നടത്തുന്നതിന് നിർദ്ദേശിച്ചിരുന്നു;

എന്നാൽ, കേരള സർക്കാരിന്റെ സ.ഉ (അച്ചടി) നം.184/2026/RD തീയതി 22.05.2026 പ്രകാരം മേൽ വിജ്ഞാപനങ്ങൾ റദ്ദാക്കുവാൻ ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിരിക്കുന്നു;

കോഴിക്കോട് ജില്ലാ കളക്ടർ, DCKKD/6286/2021-B2 തീയതി 03.06.2026 പ്രകാരം ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു;

ഇതിനാൽ, മേൽ പ്രകാരമുള്ള 1961-ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ട് 6(1) വിജ്ഞാപനങ്ങൾ റദ്ദാക്കിയിരിക്കുന്നു.

മേൽ വിജ്ഞാപനങ്ങൾ പ്രകാരം മുകളിൽ പറഞ്ഞ വില്ലേജുകളിൽ ആരംഭിച്ചതോ ആരംഭിക്കാനിരിക്കുന്നതോ ആയ എല്ലാ സർവ്വേ നടപടികളും ഈ വിജ്ഞാപനത്തിന്റെ തീയതി മുതൽ നിർത്തലാക്കിയിരിക്കുന്നു. മേൽ വിജ്ഞാപനങ്ങൾക്ക് ഇനി യാതൊരു നിയമപ്രാബല്യവും ഉണ്ടായിരിക്കുന്നതല്ല.

(ഒപ്പ്)
സ്പെഷ്യൽ തഹസിൽദാർ (എൽ.എ),
കെ.ആർ.ഡി.സി.എൽ, കോഴിക്കോട്

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.06.08 08:12:22 +05:30